പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പു പദ്ധതി</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5847

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമാക്കുന്നതിനും അത് കൂടുതൽ മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിയിൻകീഴിൽ ജോലി ചെയ്ത തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ലേബർ ബഡ്ജറ്റ് കൃത്യതയോടെ തയ്യാറാക്കി യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.
2. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് എല്ലാ പഞ്ചായത്തിലും ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം, സമയബന്ധിതമായി വേതനം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്നതിലേക്കായി നിലവിലുള്ള കരാർ ജീവനക്കാർക്ക് പുറമേ 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെയും, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് അതോടൊപ്പം 2 കോടിയിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും, ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.
3. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് എന്നിവയുടെ അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.
4. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് മെമ്പർ അധ്യക്ഷനായ കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട്.
5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
6. പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം(ഇ-എഫ്.എം.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.
7. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും നിർവ്വഹണമേൽനോട്ടത്തിനുള്ള പരിചയസമ്പന്നത ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
8. ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന് സഹായകരമായ വിധത്തിൽ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി, സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
9. തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
10. പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്.
11. 2011 ലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് ഓഡിറ്റ് ഓഫ് സ്കീം റൂൾസ് പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് ഫലപ്രദമാക്കുന്നതിലേക്കായി സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും പ്രയോജനപ്രദവുമാക്കുന്നതിനും പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും സഹായകരമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ശ്രീ.എം.മുരളി എക്സ് എം.എൽ എ അദ്ധ്യക്ഷനായി ഒരു സമിതിയെ, സർക്കാർ നിയോഗിച്ചിട്ടുണ്ട്.

13. തൊഴിലുറപ്പ് പദ്ധതിയ്ക്ക് മാത്രമായി ഗ്രാമീണ ഷെഡ്യൂൾ ഓഫ് റേറ്റ്സ് രൂപീകരിക്കുന്നതിനുള്ള വർക്ക് ടൈം & മോഷൻ പഠനം പൂർത്തീകരണ ഘട്ടത്തിലാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് നിരക്കുകൾ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

14. 2013 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദമായ സ്പഷ്ടീകരണം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ചുവടെ പറയുന്ന പ്രവൃത്തികൾ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ
2. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി .
3. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി
4. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ട് വളർത്തൽ
5. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ
6. വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/അംഗണവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം, തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ
7. അംഗണവാടികളുടെ നിർമ്മാണം
8. കളിസ്ഥലങ്ങളുടെ നിർമ്മാണം